# I. കഴിഞ്ഞ നാല് വർഷത്തെ ഭരണ നേട്ടങ്ങൾ

## സമൂഹത്തിലാകെ കുടുംബശ്രീ എഫക്ട്

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം മുൻനിർത്തി വർത്തിക്കുന്ന 'കുടുംബശ്രീ' സ്തുത്യർഹങ്ങളായ നേട്ടങ്ങളോടെ 22 സുവർണ്ണ വർഷങ്ങൾ പിന്നിട്ട് കഴിഞ്ഞിരിക്കുന്നു. ഇടതുപക്ഷ സർക്കാരിന്റെ സ്വപ്ന പദ്ധതിയായി 1998ൽ ഔദ്യോഗികമായി പിറവി കൊണ്ട ഈ സംവിധാനം കേരള സമൂഹത്തിൽ ഇന്ന് അവഗണിക്കാനാകാത്ത ശക്തിയായി മാറിക്കഴിഞ്ഞിരിക്കുന്നു. 44 ലക്ഷം കുടുംബങ്ങളാണ് ഇപ്പോൾ ഈ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യത്തിന്റെ ഭാഗമായുള്ളത്. ഈ സർക്കാർ അധികാരത്തിലേറി നാല് വർഷം പിന്നിടുമ്പോൾ സാധാരണക്കാരിൽ സാധാരണക്കാരായ കേരളീയ വനിതകൾ ചേർന്ന് ബലം പകരുന്ന കുടുംബശ്രീ സംവിധാനം ഇക്കാലയളവിൽ കൈവരിച്ചിരിക്കുന്ന പുരോഗതിയും നേട്ടങ്ങളും എണ്ണിയാൽ തീരാത്തതാണ്. സർക്കാർ നിർദ്ദേശമനുസരിച്ച് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിലൂടെ കേരള സമൂഹത്തിലാകെ നിർണ്ണായക സ്വാധീനമാണ് ഇപ്പോൾ കുടുംബശ്രീയ്ക്കുള്ളത്.

**1. സംഘടന**

കഴിഞ്ഞ നാല് വർഷത്തെ പ്രധാന നേട്ടങ്ങൾ :

*** 41,262 പുതിയ അയൽക്കൂട്ടങ്ങൾ** :

കഴിഞ്ഞ നാല് വർഷത്തിനിടെ 41,262 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 4,94,460 വനിതകൾ കൂടി കുടുംബശ്രീയുടെ ഭാഗമാകുകയും ചെയ്തു.

* **പ്രത്യേക അയൽക്കൂട്ടങ്ങൾ** :

25,992 വയോജന അയൽക്കൂട്ടങ്ങൾ- വയോജനങ്ങൾക്കായി നാല് വർഷങ്ങൾക്ക് മുൻപ് ഉണ്ടായിരുന്നത് 956 അയൽക്കൂട്ടങ്ങളായിരുന്നു. എന്നാൽ കഴിഞ്ഞ നാല് വർഷം കൊണ്ട് വയോജന അയൽക്കൂട്ടങ്ങളുടെ എണ്ണം 25,992 എണ്ണമായി. ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കായി 3704 അയൽക്കൂട്ടങ്ങളും ട്രാൻസ്ജെൻഡറുകൾക്കായി 50 അയൽക്കൂട്ടങ്ങളും ഇക്കാലയളവിൽ രൂപീകരിച്ചു കഴിഞ്ഞു.

* **തീരശ്രീ** :

തീരദേശ മേഖലയിലെ കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തി നടത്തുന്ന ഇടപെടലുകളാണ് തീരശ്രീ എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി തീരദേശ കമ്മ്യൂണിറ്റി വോളന്റിയർമാരെ നിയമിച്ചു. തീരദേശ മേഖലയിലെ 3500 അയൽക്കൂട്ടങ്ങൾക്ക് 15,000 രൂപ വീതം റിവോൾവിങ് ഫണ്ട് നൽകി. തീരദേശ മേഖലയിൽ 606 വ്യക്തിഗത സംരംഭങ്ങളും 272 ഗ്രൂപ്പ് സംരംഭങ്ങളും ഉപജീവന മാർഗ്ഗങ്ങൾ നേടിക്കൊടുക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചു.

***അരങ്ങ്** :
കുടുംബശ്രീ അംഗങ്ങളായ അയൽക്കൂട്ട വനിതകൾക്ക് കലാവാസന പ്രകടിപ്പിക്കുന്നതിനായി കുടുംബശ്രീ ഒരുക്കി നൽകുന്ന വേദിയാണ് അരങ്ങ് കലോത്സവം. 2011 മുതൽ അരങ്ങ് സംഘടിപ്പിച്ചിരുന്നുവെങ്കിലും 2017-18 കാലയളവ് മുതൽ സിഡിഎസ് തലം, താലൂക്ക് തലം, ജില്ലാതലം, സംസ്ഥാന തലം എന്നിങ്ങനെ ഈ കലോത്സവം സംഘടിപ്പിച്ച് കൂടുതൽ വ്യവസ്ഥാപിതമാക്കി.

**2. ജെൻഡർ**
കഴിഞ്ഞ നാല് വർഷത്തെ പ്രധാന നേട്ടങ്ങൾ :
***എല്ലാ ജില്ലകളിലും സ്നേഹിത** :
സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചു. ആറ് ജില്ലകളിൽ മാത്രം പ്രവർത്തിച്ച് വന്നിരുന്ന ഈ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിക്കുകയായിരുന്നു. ഓരോ കേന്ദ്രങ്ങളിലും കൗൺസിലർ, സേവനദാതാക്കൾ, സെക്യൂരിറ്റി, ഓഫീസ് അസിസ്റ്റന്റ്, കെയർ ടേക്കർ എന്നിവരുണ്ട്. 104 സ്കൂളുകളിൽ സ്നേഹിത അറ്റ് സ്കൂൾ പദ്ധതിയും തുടങ്ങി. എല്ലാ സ്നേഹിത കേന്ദ്രങ്ങളോടും ചേർന്ന് കെൽസയുമായുള്ള സംയോജനത്തോടെ ലീഗൽ ക്ലിനിക്കുകളും ആരംഭിച്ച് അഭിഭാഷകരുടെ സേവനം ഉറപ്പുവരുത്തിയിരിക്കുന്നു.

*** 647 തദ്ദേശ സ്ഥാപനങ്ങളിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ** :
സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും തദ്ദേശ സ്വയംഭരണ പ്രദേശത്തെ വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്ററുകൾ. ഇക്കാലയളവിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം 14 ജില്ലകളിലായി 647 ജിആർസികൾ ആരംഭിച്ചു.

*** സംസ്ഥാന വ്യാപകമായി കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സേവനം**:
357 കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് പരിശീലനം നൽകി സംസ്ഥാനത്തുടനീളം ഇവരുടെ സേവനം ലഭ്യമാക്കി. അവബോധ ക്ലാസ്സുകൾ, ഗ്രൂപ്പ്- വ്യക്തിഗത കൗൺസിലിങ്, പ്രീ മാരിറ്റൽ കൗൺസിലിങ്, വയോജനങ്ങൾക്കും ഭിന്നശേഷിക്കുട്ടിക ളുടെ മാതാപിതാക്കൾക്കുമെല്ലാം ഇവർ മുഖേന കൗൺസിലിങ് സേവനങ്ങൾ നൽകുന്നു. ബ്ലോക്ക് തലത്തിൽ 75 കൗൺസിലിങ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി കൗൺസിലർമാർ ഇവിടെ പ്രാദേശിക തലത്തിൽ വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും പിന്തുണയും സേവനവും നൽകുന്നു.

*** അതിക്രമങ്ങൾ തടയാൻ 19,773 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പുകൾ** :
ലിംഗാധിഷ്ഠിത അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും തടയുന്നതിനുമായി 10 മുതൽ 15 വരെ അംഗങ്ങളുൾപ്പെടുന്ന വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുന്ന പദ്ധതി

ഇക്കാലയളവിൽ ആരംഭിച്ചു. ഇപ്പോൾ 19,773 വാർഡുകളിൽ വിജിലന്റ് ഗ്രൂപ്പുകളുണ്ട്. തദ്ദേശ സ്ഥാപനതലത്തിലുള്ള ജാഗ്രതാ സമിതികളുമായി സംയോജിച്ചാണ് ഈ ഗ്രൂപ്പുകളുടെ പ്രവർത്തനം.

***സ്ത്രീ പദവി സ്വയം പഠന പ്രക്രിയ:**

സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി ആർജ്ജിക്കാൻ അയൽക്കൂട്ടാംഗങ്ങളെ സഹായിക്കുന്നതിനായി നടത്തുന്ന സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ നലാം മൊഡ്യൂളായ ലിംഗപദവി സ്മത്വവും നീതിയും എന്ന പഠന സഹായി തയാറാക്കി പരിശീലനങ്ങൾ നൽകി എല്ലാ അയൽക്കൂട്ടങ്ങളിലും ചർച്ചകൾ നടത്തി. 2.72 ലക്ഷം അയൽക്കൂട്ടങ്ങളിൽ ഈ ചർച്ചകൾ നടത്തി.

***എല്ലാ ജില്ലയിലും രംഗശ്രീ നാടക സംഘങ്ങൾ:**

സാംസ്ക്കാരിക മേഖലയിലെ സ്ത്രീ സാന്നിധ്യം ഉറപ്പാക്കുന്നതിനും ജനോപകാര പ്രദമായ പരിപാടികളും ബോധവത്ക്കരണവും നടത്തുന്നതിനും കുടുംബശ്രീയുടെ കമ്മ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീ 14 ജില്ലകളിലും രൂപീകരിച്ചു. നേരത്തേ 3 മേഖലാ ടീമുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. നവകേരള ലോട്ടറി പ്രചാരണം, തെരഞ്ഞെടുപ്പ് അവബോധ പ്രചാരണം തുടങ്ങി ഗവൺമെന്റ്, ഗവൺമെന്റിതര സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**3. മൈക്രോ ഫിനാൻസ്**

കഴിഞ്ഞ നാല് വർഷത്തെ പ്രധാനനേട്ടങ്ങൾ

***അയൽക്കൂട്ടങ്ങൾക്ക് 11,343 കോടി രൂപ:**

ബാങ്ക് ലിങ്കേജ് വഴി 3,15,407 അയൽക്കൂട്ടങ്ങൾക്കായി 11,343 കോടി രൂപ കഴിഞ്ഞ നാല് വർഷം കൊണ്ട് വായ്പയായി ലഭ്യമാക്കി. 1,87,913 അയൽക്കൂട്ടങ്ങൾക്ക് 163.27 കോടി രൂപ പലിശ സബ്സിഡിയായും നൽകി.

*** കമ്മ്യൂണിറ്റി ഫണ്ട് ഇനത്തിൽ 17.5 കോടി രൂപ:**

അയൽക്കൂട്ടങ്ങളുടെ ആന്തരിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി റിവോൾവിങ് ഫണ്ട് ഇനത്തിൽ 10,620 അയൽക്കൂട്ടങ്ങൾക്ക് നാല് വർഷം കൊണ്ട് 16 കോടി രൂപയും ആകസ്മിക പ്രശ്നങ്ങൾ നേരിടാൻ എഡിഎസ് മുഖേന നൽകുന്ന വൾനറബിളിറ്റി റിഡക്ഷൻ ഫണ്ടിനായി 1.5 കോടി രൂപയും നൽകി.

**4. സൂക്ഷ്മ സംരംഭങ്ങൾ**

കഴിഞ്ഞ നാല് വർഷത്തെ പ്രധാന നേട്ടങ്ങൾ

*** അരലക്ഷത്തിലേറെ വനിതകൾക്ക് ഉപജീവന മാർഗ്ഗം, വിറ്റുവരവിൽ 100 കോടി വീതം വർദ്ധനവ്:**

അരലക്ഷത്തിലധികം കുടുംബശ്രീ വനിതകൾക്ക് ഉപജീവന മാർഗ്ഗം ലഭ്യമാക്കുന്ന 10468 വ്യക്തിഗത സംരംഭങ്ങളും 7499 ഗ്രൂപ്പ് സംരംഭങ്ങളും നാല് വർഷത്തിനിടെ ആരംഭിച്ചു.

ആകെ 25000ത്തോളം സംരംഭങ്ങൾ ഇപ്പോഴുണ്ട്. ഒരേ രീതിയിലുള്ള സംരംഭങ്ങൾ നടത്തുന്നവർക്കായി 3 പൊതുസേവന കേന്ദ്രങ്ങൾ രൂപീകരിച്ചു. സംരംഭകരെ സഹായിക്കുന്നതിനായുള്ള മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരിൽ 16 പേർക്ക് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ പരിശീലനവും പുതിയ 132 എംഇസിമാർക്ക് പരിശീലനവും നൽകി. സംരംഭങ്ങളുടെ വിറ്റുവരവ് 2016-17 വർഷം മുതൽ ഓരോ വർഷവും കുറഞ്ഞത് 100 കോടി രൂപ വീതം വർദ്ധിക്കുന്നു.

***സംരംഭങ്ങൾക്ക് സ്ഥിരത ഉറപ്പുവരുത്താൻ നിരവധി പ്രവർത്തനങ്ങൾ :**
സൂക്ഷ്മ സംരംഭ സർവ്വേ നടത്തി മോണിട്ടറങ്ങിനും മാസവരുമാനം രേഖപ്പെടുത്തുന്നതിന് മൊബൈൽ ആപ്പും വെബ്പോർട്ടലും രൂപീകരിച്ച് യൂണിറ്റുകൾ രജിസ്ട്രർ ചെയ്ത് ജിയോടാഗിങ് നടത്തി. എല്ലാ സംരംഭങ്ങൾക്കും അഫിലിയേഷൻ നടത്തി സിഡിഎസിൽ രജിസ്ട്രർ ചെയ്തു. കൂടാതെ എല്ലാ സംരംഭ യൂണിറ്റുകളുടെയും ഗ്രേഡിങ് നടത്തി വിവിധ കാറ്റഗറികളിലായി തിരിച്ചു. ഓരോ വർഷവും ബി,സി ഗ്രേഡ് ലഭിച്ച 20 ശതമാനം സംരംഭങ്ങളുടെയും ഗ്രേഡിങ് വർദ്ധിപ്പിച്ച് തൊട്ട് മുകളിലെ ഗ്രേഡിലേക്ക് എത്തിക്കുന്നു. സംരംഭ യൂണിറ്റുകൾ സുസ്ഥിരമാക്കുന്നതിന് പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്.

**5. മാർക്കറ്റിങ്**
കഴിഞ്ഞ നാല് വർഷത്തെ പ്രധാന നേട്ടങ്ങൾ
*** പ്രാദേശിക- ദേശീയ വിപണന മേളകളിലൂടെ 100 കോടിയിലേറെ വിറ്റുവരവ്:**
കഴിഞ്ഞ നാല് വർഷം 5846 മാസച്ചന്തകൾ (13.21 കോടി), 343 പ്രാദേശിക ജില്ലാതല വിപണന മേളകൾ (4.10 കോടി) 5 സരസ് മേളകൾ (35.72 കോടി), 45 ഇതര സംസ്ഥാന സരസ് മേളകൾ (1.8 കോടി), 283 ഭക്ഷ്യമേളകൾ (8.74 കോടി), 2211 ഓണ വിപണന മേളകൾ (49.07 കോടി) എന്നിവ സംഘടിപ്പിച്ച് സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യാൻ അവസരമൊരുക്കി.

*** അഞ്ച് ജില്ലകളിൽ ഹോംഷോപ്പ്:**
കുടുംബശ്രീ ഉത്പന്നങ്ങൾ സാമൂഹികാധിഷ്ഠിത വിതരണ ശൃംഖല വഴി വീടുകളിലെത്തിക്കുന്ന വിപണന മാർഗ്ഗമാണ് ഹോംഷോപ്പുകൾ. കോഴിക്കോട്, കണ്ണൂർ, വയനാട്, ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ ഹോംഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു. 1316 ഹോംഷോപ്പ് ഓണർമാർ (വീടുകൾ തോറും ഉത്പന്നങ്ങൾ എത്തിച്ച് നൽകുന്ന കുടുംബശ്രീ വനിതകൾ) ഇപ്പോഴുണ്ട്. 130 സംരംഭക യൂണിറ്റുകൾ ഇതിന്റെ ഭാഗമായി ഉത്പന്നങ്ങൾ നൽകുന്നു.

**6. സാമൂഹ്യവികസനം**
കഴിഞ്ഞ നാല് വർഷത്തെ പ്രധാനപ്പെട്ട നേട്ടങ്ങൾ
***അഗതിരഹിത കേരളം പദ്ധതിയിൽ 1.5 ലക്ഷം ഗുണഭോക്താക്കൾ:**
അഗതി കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന അഗതിരഹിത കേരളം പദ്ധതി പ്രവർത്തനങ്ങൾ 2017 ഒക്ടോബറിലാണ് ആരംഭിച്ചത്. അശരണരും നിരാലാംബരുമായ വർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ മുഖ്യധാരയിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിത്സ, വസ്ത്രം, അടിസ്ഥാന ആവശ്യങ്ങളായ ഭൂമി, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സംവിധാനം, വൈദ്യുതി, വിദ്യാഭ്യാസം എന്നിവയും ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. 1.5 ലക്ഷം ഗുണഭോക്താക്കളാണ് പദ്ധതിയിലുള്ളത്. 1033 തദ്ദേശ സ്ഥാപനങ്ങളിൽ 1030 സ്ഥാപനങ്ങളിലും അംഗീകാരത്തോടെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. ജനറൽ അഗതിരഹിത കേരളം പദ്ധതികളും 170 പട്ടികവർഗ്ഗ പദ്ധതികളുമാണുള്ളത്. ഇതിൽ 1030 ജനറൽ പദ്ധതികളും 170 പട്ടികവർഗ്ഗ പ്രത്യേക പദ്ധതികളും അംഗീകാരം നേടി പ്രവർത്തനങ്ങൾ ആരംഭിച്ചു.

*** 281 ബഡ്സ് സ്ഥാപനങ്ങൾ :**

മാനസികവും ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസവും പുനരധിവാസവും ലക്ഷ്യമിട്ട് തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തുന്ന 281 ബഡ്സ് സ്ഥാപനങ്ങൾ (135 ബഡ്സ് സ്കൂളുകളും 146 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) എല്ലാ ജില്ലകളിലുമായി പ്രവർത്തിക്കുന്നു. നാല് വർഷക്കാലയളവിൽ പുതിയ 116 ബഡ്സ് സ്ഥാപനങ്ങളാണ് ആരംഭിച്ചത്. 9000ത്തോളം പേർ ഈ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നു.

*** ബാലസഭാംഗങ്ങളായി 4.3 ലക്ഷം കുട്ടികൾ :**

കുട്ടികളുടെ അയൽക്കൂട്ടങ്ങളാണ് ബാലസഭകൾ. കുട്ടികളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുക, തലമുറകളിൽ നിന്നും തലമുറികളിലേക്കുള്ള ദാരിദ്ര്യ കൈമാറ്റം തടയുക, വിനോദങ്ങളിലടെയുള്ള വിജ്ഞാന സമ്പാദനവും സംഘബോധവും നേതൃത്വ ശേഷിയും സഹകരണമനോഭാവവും അവകാശാധിഷ്ഠിത പ്രവർത്തനങ്ങളി ലൂടെ ജനാധിപത്യബോധവും സർഗ്ഗശേഷിയും വ്യക്തിത്വ വികസനവും പരിസ്ഥിതി ബോധവും കുട്ടികളിൽ വളർത്തുക എന്നിവയാണ് ലക്ഷ്യം. നിലവിൽ 32,878 ബാലസഭകളിലായി 4,30,908 കുട്ടികൾ അംഗങ്ങളാണ്.

## 7. കാർഷിക വിഭാഗം

കഴിഞ്ഞ നാല് വർഷത്തെ പ്രധാന നേട്ടങ്ങൾ

*** 10536 ഏക്കർ തരിശുഭൂമിയിൽ കൃഷി:**

ഗ്രാമപഞ്ചായത്തുകളും കാർഷിക വകുപ്പും തൊഴിലുറപ്പ് പദ്ധതിയുമായും സംയോജിച്ച് 10536 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്ത് തുടങ്ങി. 23680 അയൽക്കൂട്ട വനിതകളാണ് ഈ പ്രവർത്തനത്തിൽ ഏർപ്പെടുന്നത്. നിലവിൽ 63,388 കൃഷി സംഘങ്ങളിലായി 3,38,202 വനിതാ കർഷകർ 55,000ത്തിലേറെ ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തുവരുന്നു.

***5525 ഹെക്ടർ ഭൂമിയിൽ ജൈവകൃഷിയും 615 ഏക്കർ സ്ഥലത്ത് ഔഷധകൃഷിയും-**

10000 ഹെക്ടറിൽ ജൈവകൃഷി ചെയ്ത് പിജിഎസ്- പാർട്ടിസിപ്പേറ്ററി ഗാരന്റീ സിസ്റ്റസ്- സർട്ടിഫിക്കറ്റോട് കൂടി കാർഷിക ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇപ്പോൾ 65610 കൃഷിസംഘാംഗങ്ങൾ വഴി 5525 ഹെക്ടറിൽ ഈ പദ്ധതി പ്രകാരം ജൈവകൃഷി ചെയ്യുന്നു. 615 ഏക്കർ സ്ഥലത്ത് 670 കൃഷിസംഘങ്ങൾ മുഖേന ഔഷധകൃഷിയും ആരംഭിച്ചു.

***മൂല്യവർദ്ധിത യൂണിറ്റുകൾ:**

കൃഷിസംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിന് 585 അംഗങ്ങൾ അടങ്ങിയ 117 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും 402 അംഗങ്ങളുള്ള 320 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

***അഗ്രിബിസിനസ് സംരംഭങ്ങൾ**

640 കാർഷിക സംരംഭങ്ങൾ (അഗ്രി ബിസിനസ് സംരംഭങ്ങൾ) പ്രവർത്തിക്കുന്നു. 1698 വനിതാ സംരംഭകരാണ് ഈ ബിസിനസുകൾക്ക് ചുക്കാൻ പിടിക്കുന്നത്.

**8. മൃഗസംരംക്ഷണം**

കഴിഞ്ഞ നാല് വർഷത്തെ പ്രധാന നേട്ടങ്ങൾ

***ക്ഷീരസാഗരം പദ്ധതി വഴി 15.83 കോടി രൂപ സബ്സിഡി:**

പശുവളർത്തൽ പദ്ധതിയിലൂടെ കർഷകർക്ക് വരുമാനം കണ്ടെത്തി നൽകുന്ന പദ്ധതിയാണ് ക്ഷീരസാഗരം. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ഒരാൾക്ക് രണ്ട് വീതം പശുക്കളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു. ഒരു ഗ്രൂപ്പിന് 10 പശുക്കളുണ്ടാകും. 2016-17 സാമ്പത്തികവർഷം മുതൽ 724 ഗ്രൂപ്പുകൾക്ക് 15.83 കോടി രൂപ സബ്സിഡി യായി നൽകി. കൂടാതെ പ്രത്യേക ഉപജീവന പദ്ധതിയുടെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 2.18 കോടി രൂപയും അനുവദിച്ചു.

***ആട് ഗ്രാമം പദ്ധതി മുഖേന 5.12 കോടി രൂപ സബ്സിഡി:**

ആട് വളർത്തലിലൂടെ കർഷകർക്ക് വരുമാന മാർഗ്ഗം കണ്ടെത്തി നൽകുന്ന പദ്ധതിയായ ആടുഗ്രാമം പദ്ധതി വഴി 2016-17 കാലയളവ് മുതൽ 1024 ഗ്രൂപ്പുകൾക്ക് 5.12 കോടി രൂപ സബ്സിഡിയായി ലഭ്യമാക്കി. അഞ്ച് പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് ഒരാൾക്ക് നാല് വീതം ആടുകളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു. ഒരു ഗ്രൂപ്പിന് ആകെ നാല് ആടുകളാണുള്ളത്. പ്രത്യേക ഉപജീവന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 300 ആട് ഗ്രാമം യൂണിറ്റുകൾ ആരംഭിക്കുന്നതിന് 1.50 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

***കേരള ചിക്കൻ പുരോഗമിക്കുന്നു :**

മികച്ച ഗുണനിലവാരമുള്ള കോഴിയിറച്ചി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും അമിത വിലയ്ക്ക് പരിഹാരം കാണുന്നതിനുമായി കേരളത്തിലെ ആഭ്യന്തര വിപണിയുടെ 50 ശതമാനം ഇറച്ചിക്കോഴി സംസ്ഥാനത്തിനകത്ത് തന്നെ ഉത്പാദിപ്പിച്ച് വിപണനം

ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കമായ കേരള ചിക്കൻ പദ്ധതി പുരോഗമിക്കുന്നു. കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ഇന്റഗ്രേഷൻ ഫാമിങ് അഥവാ കോൺട്രാക്ട് ഫാമിങ്ങിന്റെ (1 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, മരുന്ന്, തീറ്റ എന്നിവ കോഴി കർഷകർക്ക് നൽകി 40 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത് വിപണിയിലെത്തിക്കുന്ന പ്രവർത്തനം നാലാം ഘട്ടം നടക്കുന്നു. ആദ്യ ഇന്റഗ്രേഷനിൽ 38 കർഷകർക്ക് 1.03 ലക്ഷം, രണ്ടാം ഇന്റഗ്രേഷനിൽ 56 കർകർക്ക് 1.61 ലക്ഷം, മൂന്നാം ഇന്റഗ്രേഷനിൽ 56 കർഷകർക്ക് 1.52 ലക്ഷം വീതം കോഴിക്കുഞ്ഞുങ്ങളെ നൽകി.

**9. ട്രൈബൽ**
കഴിഞ്ഞ നാല് വർഷത്തെ പ്രധാന നേട്ടങ്ങൾ :

*** പുതുതായി 17,400 ആദിവാസി കുടുംബങ്ങൾ കുടുംബശ്രീയിൽ** :
2016 മുതൽ 1371 അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ച് 17,400 ആദിവാസി കുടുംബ ങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കി. ആകെ 7135 പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിലായി 1,16,878 കുടുംബങ്ങളാണ് അംഗങ്ങളായുള്ളത്. കഴിഞ്ഞ നാല് വർഷത്തിനിടെ 2733 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ടും 1328 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം റിവോൾവിങ് ഫണ്ടും നൽകി.

*** 458 സൂക്ഷ്മ സംരംഭങ്ങളും 3127 കൃഷിസംഘങ്ങളും :**
കഴിഞ്ഞ നാല് വർഷത്തിനിടെ 458 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. 3127 കൃഷിസം ഘങ്ങളും. 486 യൂണിറ്റുകൾ മൃഗസംരംക്ഷണ മേഖലയിലും ആരംഭിച്ചു. 161 സംരംഭ ങ്ങൾ പരമ്പരാഗത സംരംഭങ്ങളാണ്.

*** സാമൂഹ്യമേഖലയിലെ മുന്നേറ്റം :**
ഊരുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ട്യൂഷൻ സഹായം നൽകുന്ന പ്രവർത്തനം എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത ഊരുക ളിൽ നടന്നുവരുന്നു. 2016 ൽ തുടക്കമായ ഈ പ്രവർത്തനം വഴി ഇതുവരെ 205 ബ്രിഡ്ജ് കോഴ്സുകൾ നടക്കുന്നു. 130 ലൈബ്രറികളും ആരംഭിച്ചു. 14 ട്രൈബൽ ഫെസ്റ്റും ഇക്കാലയളവിൽ നടത്തി. 112 പുതിയ കൗമാര ക്ലബ്ബുകളും ആരംഭിച്ചു.

**10. ഡിഡിയുജികെവൈ (ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)**
കഴിഞ്ഞ നാല് വർഷത്തെ നേട്ടങ്ങൾ

***63,656 യുവതീയുവാക്കൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനം :**
ഗ്രാമീണമേഖലയിലെ നിർദ്ധനരായ യുവതീയുവാക്കൾക്ക് സൗജന്യ തൊഴിൽ നൈപു ണ്യ പരിശീലനം നൽകുന്ന ഡിഡിയുജികെവൈ പദ്ധതി വഴി 63,656 പേർക്ക്

പരിശീലനം ആരംഭിച്ചു. ഇതിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 51,744 പേരിൽ 39,981 പേർക്ക് ജോലി ലഭ്യമായി. ഇതിൽ 2432 പേർ ആദിവാസി വിഭാഗത്തിൽ പ്പെട്ടവരും 269 പേർ ഭിന്നശേഷിക്കാരുമാണ്. 388 പേർക്ക് വിദേശ ജോലിയും ലഭിച്ചു. അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെട്ട 932 പേർക്ക് പരിശീലനം നൽകുകയും അതിൽ 457 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. 112 പ്രോഗ്രാം ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 126 കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്.

**11. ദേശീയ നഗര ഉപജീവന ദൗത്യം (എൻയുഎൽഎം)**
കഴിഞ്ഞ നാല് വർഷത്തെ നേട്ടങ്ങൾ

***11,895 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു:**
കഴിഞ്ഞ നാല് വർഷത്തിനിടെ നഗരമേഖലയിൽ 11,895 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. 30319 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ടായി 30.32 കോടി രൂപ നൽകി. 20,400 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ലോൺ ലഭ്യമായി. 34.83 കോടി രൂപ ലിങ്കേജിന് സബ്സിഡിയായി നൽകി.

*** 3325 പുതിയ സൂക്ഷ്മ സംരംഭങ്ങൾ :**
കഴിഞ്ഞ നാല് വർഷത്തിനിടെ 3325 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു. 20.13 ലക്ഷം രൂപ സംരംഭങ്ങൾക്ക് സബ്സിഡിയായി നൽകി.

***8560 പേർക്ക് തൊഴിൽ :**
എംപ്ലോയ്മെന്റ് ത്രൂ സ്കിൽ ട്രെയിനിങ് ആൻഡ് പ്ലേസ്മെന്റ് (ഇഎസ്ടിപി) വിഭാഗ ത്തിന് കീഴിൽ 17,286 പേരെ തൊഴിൽ നൈപുണ്യ പരിശീലനത്തിൽ പങ്കെടുപ്പിച്ചു. ഇതിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 12,403 പേരിൽ 8560 പേർക്ക് തൊഴിൽ ലഭ്യമായി. മാസം 11,600 രൂപയാണ് ഇവർക്ക് ലഭിക്കുന്ന ശരാശരി ശമ്പളം.

**12. പിഎംഎവൈ (നഗരം) -ലൈഫ്**
കഴിഞ്ഞ നാല് വർഷത്തെ നേട്ടങ്ങൾ

***നഗരപ്രദേശങ്ങളിൽ ഉയരുന്നത് 1,14,921 വീടുകൾ :**
നഗരപ്രദേശങ്ങളിൽ ഭൂമിയുള്ള ഭവനരഹിതർക്കായി പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ)-ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 1,14,921 വീടുകൾ നിർമ്മിക്കാൻ അംഗീകാരം ലഭിച്ചു. 79,481 വീടുകളുടെ നിർമ്മാണം ആരംഭിച്ചതിൽ 48,445 വീടുകൾ പൂർത്തിയായി. ഒരു ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് പദ്ധതി അനുസരിച്ച് നൽകുന്നത്. ഇതിൽ 1.50 ലക്ഷം കേന്ദ്ര വിഹിതവും 50,000 രൂപ സംസ്ഥാന വിഹിതവും 2 ലക്ഷം രൂപ നഗരസഭാ വിഹിതവുമാണ്. കേന്ദ്രവിഹിതമായി 872.25 കോടി രൂപയാണ് ലഭ്യമായത്. സംസ്ഥാന വിഹിതമായി 258.64 കോടി രൂപയും ലഭ്യമായി. 1137.25 കോടി രൂപ നഗരസഭാ വിഹിതമായും ഗുണഭോക്താക്കൾക്ക് നൽകി.

*** വീട് വാങ്ങുന്നതിന്/ നിർമ്മിക്കുന്നതിന് പലിശ ഇളവോടെ 1781.21 കോടി രൂപ യുടെ വായ്പ :**
വാർഷിക വരുമാനം 18 ലക്ഷത്തിൽ താഴെയുള്ള കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ത്തിന്/ ഭവനം വാങ്ങുന്നതിന് ബാങ്കുകൾ മുഖേന കുറഞ്ഞ പലിശനിരക്കിൽ ഭവനവായ്പ നൽകുന്ന ഘടകമാണ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സിഎൽഎസ്എസ്). ഒരു ഗുണഭോക്താവിന് 2,67,000 രൂപ വരെ പലിശ സബ്സിഡി ഇനത്തിൽ ലഭ്യമാകുന്നു. ഇതുവരെ 20,323 ഗുണഭോക്താക്കൾക്ക് 1878.21 കോടി രൂപ വായ്പയായി ലഭ്യമാക്കി.

**13. എസ്‌വിഇപി**
കഴിഞ്ഞ നാല് വർഷത്തെ നേട്ടങ്ങൾ

*** 11,213 സംരംഭങ്ങൾ ആരംഭിച്ച് പിന്തുണയേകി :**
സംരംഭങ്ങൾ ആരംഭിക്കാൻ താത്പര്യമുള്ളവർക്ക് വിവിധ സഹായങ്ങൾ നൽകി മികച്ച സംരംഭകരെ വാർത്തെടുക്കാൻ ലക്ഷ്യമിട്ടുള്ള ഈ പദ്ധതി വഴി ഇതുവരെ 11,213 സംരംഭങ്ങൾ (12,521 സംരംഭകർ) ആരംഭിച്ച് പിന്തുണ നൽകി. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 14 ബ്ലോക്കുകളിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്. 14 ബ്ലോക്കുകളിലായി 26,034 സംരംഭങ്ങളെ സഹായിക്കുന്നതിന് 74.55 കോടി രൂപയാണ് പദ്ധതി അടങ്കൽ. ഇതിൽ 60 ശതമാനം കേന്ദ്രവിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് വഴി സംരംഭങ്ങൾക്ക് പ്രാഥമിക വായ്പാ സഹായവും ചെയ്തുവരുന്നു. 7,183 സംരംഭങ്ങൾക്കായി 28.50 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വായ്പകൾ ബാങ്ക് വഴി ലഭ്യമാക്കുന്നു.

(തയ്യാറാക്കിയത്: ചൈതന്യ. ജി, പബ്ലിക് റിലേഷൻസ് വിഭാഗം, കുടുംബശ്രീ)